**പതിനാലാം കേരള നിയമസഭ**

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.1232

**05/03/2020 ൽ മറുപടിക്ക്**

## സർവ്വേ വേഗത്തിലാക്കുന്നതിന് നടപടി

**ചോദ്യം**
**ശ്രീ.ആന്റണി ജോൺ**
**,, കെ.യു. ജനീഷ് കുമാർ**
**,, കെ.കുഞ്ഞിരാമൻ**
**,, പി. ഉണ്ണി**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സർവ്വേ നടപടികൾ വേഗത്തിലാക്കുന്നതിനായി കണ്ടിന്യൂസിലി ഓപ്പറേറ്റിംഗ് റഫറൻസ് സ്റ്റേഷൻസ് സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് സർവ്വെ നടപടികൾ വേഗത്തിലാക്കുന്നതിനായി കണ്ടിന്യൂസ്ലി ഓപ്പറേറ്റിംഗ് റഫറൻസ് സ്റ്റേഷൻസ് (CORS Network) സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ട്. പ്രസ്തുത പദ്ധതിക്കായി 21/12/2019 ലെ സ.ഉ(സാധാ) നം. 3854/19/റവ ഉത്തരവ് പ്രകാരം 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. CORS നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വെ ഓഫ് ഇന്ത്യ തുടങ്ങിയ ഏജൻസികളുമായി ചർച്ച ചെയ്ത് പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | റീ സർവ്വേ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തെല്ലാം മേൽനോട്ട സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | റീസർവ്വെ സമയബന്ധിതമായി തീർപ്പാക്കുന്നതിന്റെ ഭാഗമായി 10/02/2018 ലെ സ.ഉ (എം.എസ്) 181/2018/റവന്യൂ നമ്പർ പ്രകാരം സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ നടപ്പിലാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു. സംസ്ഥാനത്ത് ആധുനിക സാങ്കേതിക വിദ്യയായ CORS Network സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ സർവ്വെ , പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സർവ്വെയും ഭൂരേഖയും വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. |
| (സി) | റീ സർവ്വേയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ ദ്രുത ഗതിയിൽ തീർപ്പ് | (സി | 26/08/2017 ലെ സ.ഉ(എം.എസ്) 303/2017/റവന്യൂ പ്രകാരം റീ സർവ്വേയുമായി ബന്ധപ്പെട്ട് പരാതികൾ ബന്ധപ്പെട്ട താലൂക്ക് |

| | | | |
|---|---|---|---|
| | കൽപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | ഓഫീസിലെ ഭൂരേഖ തഹസീൽദാർ മുഖേന പരിഹരിച്ചുവരുന്നു. ഇതിലേയ്ക്കായി താലൂക്ക് ഓഫീസുകളിൽ ലാവണമുള്ള സർവ്വെ ജീവനക്കാർ അപര്യാപ്തമായതിനാൽ, പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിലേയ്ക്കായി കൂടുതൽ സർവ്വെ ജീവനക്കാരെ റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്ന് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ